# പതിമൂന്നാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 5987

8-7-2013-ൽ മറുപടിക്ക്

## മുസ്ലീം പെൺകുട്ടികളുടെ വിവാഹപ്രായം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. പി.അയിഷാപോറ്റി | ഡോ. എം.കെ. മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| (എ) മുസ്ലീം വിവാഹം രജിസ്റ്റർ ചെയ്യുന്നത് സംബന്ധിച്ച് തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും ഈ അടുത്ത കാലത്ത് പുറപ്പെടുവിച്ച സർക്കുലറിൽ പറയുന്ന 16 വയസ്സ് എന്ന് നിശ്ചയിക്കപ്പെട്ടതിന്റെ മാനദണ്ഡം എന്താണ്; ആരുടെ നിർദ്ദേശപ്രകാരമാണ് പ്രസ്തുത മാനദണ്ഡം നിശ്ചയിക്കപ്പെട്ടത്; വെളിപ്പെടുത്തുമോ ; | (എ) പുരുഷൻമാർക്ക് 21 വയസ്സിൽ കുറവും, സ്ത്രീകൾക്ക് 18 വയസ്സ് കുറവിലും നടത്തുന്ന വിവാഹങ്ങൾ (16 വയസ്സിൽ കൂടുതൽ) കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങൾ അനുസരിച്ച് രജിസ്റ്റർ ചെയ്യാവുന്നതാണോ എന്ന് കില ഡയറക്ടർ സ്പഷ്ടീകരണം തേടിയിരുന്നു. ഈ സാഹചര്യത്തിൽ വിവാഹ സമയത്ത് പുരുഷന് 21 വയസ്സ് തികയാതെയും സ്ത്രീക്ക് 18 വയസ്സ് തികയാതെയും (16 വയസ്സിനു മുകളിൽ) നടന്നിട്ടുള്ള മുസ്ലീം വിവാഹങ്ങൾക്ക് കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങളിലെ ചട്ടം 9(3) പ്രകാരം മതാധികാര സ്ഥാപനം നൽകുന്ന സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ടി വിവാഹം രജിസ്റ്റർ ചെയ്തു നൽകുന്നതിന് നിയമപരമായി എന്തെങ്കിലും തടസ്സമുള്ളതായി കാണുന്നില്ല എന്ന നിയമോപദേശത്തിന്റെ |

| | | | |
|---|---|---|---|
| | | | അടിസ്ഥാനത്തിലാണ് സർക്കുലർ പുറപ്പെടുവിച്ചത്. |
| (ബി) | ഇപ്രകാരം ഒരു സർക്കുലർ പുറത്തിറക്കുന്നു എന്നത് സംബന്ധിച്ച് മന്ത്രിസഭയ്ക്ക് അറിവുണ്ടായിരുന്നോ; വ്യക്തമാക്കുമോ ; | (ബി) | ഇല്ല. |
| (സി) | നിലവിലെ നിയമങ്ങൾക്ക് വിരുദ്ധമായി പെരുമാറാൻ പൗരൻമാർക്ക് സൗകര്യം നൽകുന്ന സർക്കുലർ പുറപ്പെടുവിക്കുന്നത് ശിക്ഷ അർഹിക്കുന്ന കുറ്റകൃത്യമാണോ; വിശദാംശം വ്യക്തമാക്കുമോ ? | (സി) | നിയമ വിരുദ്ധമായി പെരുമാറാൻ പൗരൻമാർക്ക് സൗകര്യം നൽകുക എന്ന ഉദ്ദേശത്തോടുകൂടി സർക്കുലറുകളൊന്നും സർക്കാർ പുറപ്പെടുവിക്കാറില്ല. |

സെക്ഷൻ ഓഫീസർ